ഡെ: സ്പീക്കർ: രണ്ടു ഡിമാൻറിനുംകൂടി 40 മിനിട്ടാണു് അനുവദിച്ചിരിക്കുന്നതു്.

ശ്രീ. പി. രവീന്ദ്രൻ: 40 മിനിറ്റായില്ല. 20 മിനിറ്റു കഴിഞ്ഞപ്പോഴും മന്ത്രിയെ മറുപടി പറയാൻ ക്ഷണിച്ചു. അതു് തെറ്റാണെന്നാണു് ഞാൻ പറഞ്ഞതു്. സ്പീക്കറുടെ ഇഷ്ടംപോലെ സമയം വെട്ടിച്ചുരുക്കുന്നതു ശരിയല്ല. അങ്ങനെയാണെങ്കിൽ അതു് സഭയെ അറിയിക്കണം.

ഡെ. സ്പീക്കർ: സമയം വെട്ടിച്ചുരുക്കിയിട്ടില്ല.

ശ്രീ. പി. രവീന്ദ്രൻ: 10—40-നു തുടങ്ങി. 11—നു മന്ത്രിയെ മറുപടി പറയാൻ ക്ഷണിച്ചു.

Demand XXXII—Irrigation

Minister for Food and Agriculture (**Shri E. P. Poulose**):

I move that a supplementary sum not exceeding Rs. 31,25,100 be granted under Demand XXXII-Irrigation.

Minister for Industries and Local Admininistration (**Shri K. A. Damodara Menon**): I Second it.

Minister for Food and Agriculture (**Shri E. P. Poulose**): I move that a supplementary sum not exceeding Rs. 28,39,400 be granted under Demand XLVI—Capital Outlay on Irrigation.

Minister for Industries and Local Administation (**Shri K. A. Damodara Menon**): I Second it.

ശ്രീമതി കെ. ആർ. ഗൗരി: മാഡം, ഞാൻ ഈ ഡിമാൻറിനെ ശക്തിയായി എതിർക്കുകയാണു്. നമ്മുടെ കാർഷിക വിളവുകളും വർദ്ധിപ്പിക്കുന്നതിലേക്കു് മീഡിയം ഇറിഗേഷനും വൻതരം ഇറിഗേഷൻപദ്ധതികളും നടപ്പിൽ വരുത്തുമ്പോഴും കാലതാമസവും ചെലവുകളും വന്നുകൊണ്ടിരിക്കുമ്പോഴും തന്നെ വേഗത്തിൽ കാര്യം നടക്കാനും നമ്മുടെ ചെറിയ ജലസേചന പദ്ധതികളെ ഉപയോഗിച്ചു് വിളവുകളും വേഗം വർദ്ധിപ്പിക്കുവാനുമാണു് ചെറുകിട ജലസേചന പദ്ധതികളും നമ്മൾ അംഗീകരിക്കുന്നതു്. മൈനർ ഇറിഗേഷൻ വർക്കുകൾക്കു് ചിലവാക്കുന്ന തുകയിൽ 75 ശതമാനവും ഉപയോഗപ്രദമല്ലാത്ത ജോലികൾക്കു് ചെലാക്കുകയും നമ്മൾ ഉദ്ദേശിക്കുന്ന ഫലം ഇല്ലാതാക്കുകയുമാണു് ചെയ്യുന്നതു്. ഇതിനുള്ള പണം ദുർവിനിയോഗപ്പെടുത്തുകയും കൈക്കൂലിയായിട്ട പോകുകയുമാണു് ചെയ്യുന്നതെന്ന ആക്ഷേപവും വളരെക്കാലമായി കേട്ടുതുടങ്ങിയതാണു്. ഇറിഗേഷൻ വർക്കുകൾ സെലക്ടു ചെയ്യുന്നതു് ഡി. ഡി. സി. ആണു്. എന്നാൽ ഡി. ഡി. സി. recommend ചെയ്യുന്ന ജോലികൾ സാങ്കേതികമായ പ്രവർത്തനങ്ങളാണെങ്കിൽ നടക്കുകയില്ല. കാരണം ഈ ജോലികൾ നടത്താൻ കുറച്ചു് പണമെങ്കിലും അതിനു മുടക്കണം. കണ്ടുറാക്ടുറേഴ്സു് പുറവാതിലിൽക്കൂടി തോട്ട കഴിക്കുന്നതിനു കൊണ്ടുവരുന്ന ജോലികൾ ഡി. ഡി. സി. പോലും അറിയാതെ നടക്കുന്നുണ്ടു്. പണം കൊടുക്കുന്നുമുണ്ടു്. അവിടെ അഴിമതിയുടെ കുത്തരംഗാണു്. സാങ്കേതിക പ്രവർത്തനങ്ങൾ Sluices മുതലായവയാണെങ്കിൽ നടക്കുകയില്ല. ഉദാഹരണമായി എൻറെ നിയോജകമണ്ഡലത്തിൽപ്പെട്ട രണ്ടു sluices—ൻറെ പണി 1961—ൽ ആലപ്പുഴ ഡി. ഡി. സി. പാസാക്കിയതാണു്. അന്ധകാര അഴിയിൽ സ്റ്റിൽവേ 1958-ൽ തീർന്നതാണു്. വെള്ളം കൂടുതലുള്ളപ്പോൾ ഇറക്കുന്നതിനു വേണ്ടി പണിതതാണു് ഈ സ്റ്റിൽവേ. എന്നാൽ ഇടവം മുതൽ ചിങ്ങം വരെ കടലിൽനിന്നു് ഏറ്റവും നല്ല വളത്തിനുപയോഗിക്കാവുന്ന സിൽട്ടു് (silt) പൊഴികളിലേക്കു് കയറുന്നതിനു സൗകര്യമുള്ളതുകൊണ്ടു് ആ കാലം ഈ സ്റ്റിൽവേ തുറന്നിടും. ചേർത്തല താലൂക്കിലെ തെങ്ങിനു ഉപയോഗിക്കുന്ന ഏറ്റവും ആവശ്യമുള്ള ഒരു വളമാണതു്. അഗ്രിക്കൽച്ചറൽ ഡിപ്പാർട്ട

LIBRARY ARCHIVES Kerala Legislative Assembly

മെൻറുകാർ പറയുന്നതു് ഏകദേശം 2 കോടി രൂപയുടെ വളം ഈ കാലത്തു ലഭിക്കുന്നുണ്ടെന്നും അതു അനലൈസ്ചെയ്തു നോക്കി എന്നുമാണു്. ഏറ്റവും നല്ല വളവുമാണെന്നാണു പറയുന്നതു്. 1958-ൽ സ്പിൽവേ പണിതില്ല, 1962 വരെ ഇക്കാലത്തു് സ്പിൽവേ തുറന്നുവയ്ക്കുകയായിരുന്നു പതിവു്. ഇതു തുറന്നുവയ്ക്കുന്ന അവസരത്തിൽ ഉപ്പു കയറാതിരിക്കുവാൻ ചില Temporary Bunds ഇടാറുണ്ടു്. അതിൽ ചിലതു് ഈ അടുത്തകാലത്തു് Permanent sluices ആക്കിയിട്ടുണ്ടു്. ഉദാഹരണമായി ശ്രീ. കാത്തികേയന്റെ നിയോജകമണ്ഡലത്തിലെ പുല്ലുവേലി കഴിഞ്ഞകൊല്ലം 1963–ൽ ഈകാലത്തു് സ്പിൽവേ തുറന്നില്ല; വളം കയറിയില്ല. കാരണം ഡി. ഡി. സി. പാസ്സാക്കിയ sluices പണിയാഞ്ഞിട്ടാണു്. അതിനു ടെമ്പററി ബണ്ടുപോലും ഇട്ടില്ല. ഇങ്ങനെ മുന്നു കൊല്ലം കഴിഞ്ഞാൽ തെങ്ങു് സമൃദ്ധിയായി വളരുന്ന ചേത്തലയുടെ പടിഞ്ഞാറൻ ബൽറ്റു് നശിച്ചുപോകും. വക്കു് 1961–ൽ നടന്നില്ല. 62-ലും 63–ലും നടന്നില്ല. ഇപ്പോഴത്തെ എക്സിക്യൂട്ടീവു് ഇഞ്ചിനീയർക്കു് ഇതു് minor ഇറിഗേഷനിൽ പെടുമോ എന്നു് സംശയമുണ്ടു്. മീഡിയം ഇറിഗേഷന്റെ ഭാഗമാണെപോലും. ഇതിന്റെ ഭാഗമായ രണ്ടു് sluices മൈനർ ഇറിഗേഷനിൽപ്പെടുത്തി പണികഴിഞ്ഞു, ഡി. ഡി. സി. മൂന്നാലുപ്രാവശ്യം sluices പണിയണമെന്നു് തീരുമാനിച്ചു. എക്സിക്യൂട്ടീവു് ഇഞ്ചനീയർ ചെയ്തില്ല. ഒടുവിൽ മി. കൃഷ്ണപിള്ള, ജോയിന്റു് ആഗ്രിക്കൽച്ചറൽ ഡയറക്ടർ എക്സിക്യൂട്ടീവു ഇഞ്ചിനീയർ, ഞാൻ എന്നിവരടങ്ങുന്ന സബ്കമ്മിററിക്കു വിട്ടു. കമ്മിററി വക്കു നടത്താൻ തീരുമാനിച്ചു. ഒടുവിൽ എക്സിക്യൂട്ടീവു ഇഞ്ചിനീയർമാക്കു് പഞ്ചായത്തു പ്രസിഡൻറന്മാരുടെ അഭിപ്രായം അറിയണമെന്നു പറഞ്ഞു് കാൺഫറൻസ്കൂടി. അതിൽ ഉടൻ പണിയണമെന്നു് തീരുമാനിച്ചു. എക്സിക്യൂട്ടീവു ഇഞ്ചിനീയരുടെ മക്കടമുഷ്ടികൊണ്ടു് ഇതേവരെ വക്കു നടന്നിട്ടില്ല. കൃഷിക്കു് ഏറ്റവും ആവശ്യമായ ഒരു വക്കു് ഇത്രകാലം നീട്ടിക്കൊണ്ടുപോകുന്നതിൽനിന്നും മനസ്സിലാക്കാമല്ലോ ഈ ഗവണ്മെൻറിന്റെ പ്രവർത്തനം. വക്കുകം നടത്തണമെങ്കിൽ ഒന്നുകിൽ കൈക്കൂലിയോ, അല്ലെങ്കിൽ ഭരണപാർട്ടിയുടെ കൈകടത്തലോ, ഇല്ലെങ്കിൽ നടക്കുകയില്ല. ഇങ്ങനെയുള്ള ഡിപ്പാർട്ടുമെൻറിന്റെ പ്രവർത്തനത്തിനു് പണം അനുവദിക്കാൻ പാടില്ല,

ഡെ. സ്പീക്കർ : ബഹുമാനപ്പെട്ട മെമ്പർക്കു് ഇനി 2 മിന്നിട്ടേ ഉള്ളു.

ശ്രീമതി കെ. ആർ. ഗൗരി : ശ്രീ. രവീന്ദ്രൻ തക്കിച്ച സമയംകൂടി എന്റെ സമയത്തിൽ കെട്ടിവച്ചെന്നാണു് തോന്നുന്നതു്. അതുകൊണ്ടു് എനിക്കു് കുറച്ചുസമയംകൂടി തന്നാൽ കൊള്ളാം.

ഡെ. സ്പീക്കർ : അതിനു നിവർത്തിയില്ല.

ശ്രീമതി കെ. ആർ. ഗൗരി: ഇറിഗേഷൻ സബ്കമ്മിററിയും ഡി. ഡി. സി. യും പാസ്സാക്കുന്ന വക്കു് നടത്താതിരിക്കുന്നതിനിടക്കു് അതേ സമയത്തു് കാൺട്രാക്ടർമാർ ഡിപ്പാർട്ടുമെൻറു മുഖേന ശുപാർശചെയ്യുന്ന വക്കുകം നടത്തുന്നുണ്ടു്. പണവും കൊടുക്കുന്നുണ്ടു്. ചിലപ്പോൾ ഡി. ഡി. സി. ചില വക്കുകം ചെയ്യാൻ പാടില്ലെന്നു പ്രമേയം പാസ്സാക്കുമെങ്കിലും കൺട്രാക്ടർമാരെ സഹായിക്കുവാനും കുറെ പണം ആവഴിക്കു് തട്ടിയെടുക്കാനും ആ വക്കുകം ഡിപ്പാർട്ടുമെൻറിൽനിന്നും നടത്തുന്നുണ്ടു്. ഇങ്ങനെയൊക്കെ ചെയ്യുന്നതിന്റെ ഫലമായി നാം ഉദ്ദേശിക്കുന്ന രീതിയിൽ കാർഷിക വിളവു വർദ്ധിക്കുന്നില്ല. പണം ദുർവിനിയോഗം ചെയ്യുകയാണു്. അഴിമതി കൂടിക്കൊണ്ടിരിക്കുകയുമാണു്. കാലവർഷത്തിന്റെ ഇക്കൊല്ലത്തിലെ പ്രത്യേകതകൊണ്ടു് കരപ്പാടങ്ങളിലും പുഞ്ചയിലും വിളവു നന്നായിരുന്നു. പക്ഷെ ഡിപ്പാർട്ടുമെൻറു് കണക്കുവെയ്ക്കുമ്പോൾ ഈ കൊള്ളയടിക്കപ്പെട്ട പണത്തിന്റെ ചെലവുകാരണം ഇതുണ്ടായതാണെന്നുപോലും മന്ത്രി ഇവിടെ വാദിച്ചേക്കും. കൈക്കൂലിയും അഴിമതിയും കൂടിക്കൂടി വരുന്ന വകുപ്പിനു്, ജനാധിപത്യപരമായ രീതിയിൽ പ്രവർത്തനം നടത്താത്തവകുപ്പു്, സമ്മർദ്ദങ്ങൾക്കു കീഴടങ്ങിക്കൊണ്ടിരിക്കുന്ന ഈ വകുപ്പിനുവേണ്ടി നീക്കിവച്ചിരിക്കുന്ന ഈ ഗ്രാൻറിനെ ഞാൻ എതിർക്കുകയാണു്.

LIBRARY ARCHIVES Kerala Legislative Assembly

[Mr. Speaker in the Chair]

ശ്രീ. പി. എസ്സ്. ശ്രീനിവാസൻ : സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനയെ ശക്തിയായി എതിർക്കുന്നു. ഈ ഡിപ്പാർട്ടുമെൻറിനു ഈവക കാര്യങ്ങളും നടത്തുവാൻ യാതൊരു കാര്യശേഷിയും ഇല്ലെന്നു പറയേണ്ടിവന്നതിൽ എനിക്കു ഖേദമുണ്ട്. ബഹുമാനപ്പെട്ട മന്ത്രിക്കു് ഇതിൽ വേണ്ടത്ര ശ്രദ്ധിക്കുവാൻ കഴിഞ്ഞിട്ടില്ല. നമ്മുടെ ഏറ്റവും നല്ല റിസർവായുകളിലൊന്നാണു് പീച്ചി റിസർവായർ. പക്ഷെ മണ്ണുകയറി അതു വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്ന ഘട്ടത്തിലേക്കു് നീങ്ങിക്കൊണ്ടിരിക്കുന്നു. ഇനി വളരെയധികം പണം ചെലവാക്കിയാലേ അവിടെനിന്നു മണ്ണുമാറ്റുവാൻ കഴിയുകയുള്ളു. മലമ്പുഴയുടെ സ്ഥിതിയും ഏതാണ്ടു് ഇതുതന്നെയാണു്. മണ്ണു കാലാകാലങ്ങളിൽ മാറ്റുന്ന വിഷയത്തിൽ ഡിപ്പാർട്ടുമെൻറിനു ശ്രദ്ധിക്കുവാൻ കഴിയുന്നില്ല. ഈനില തുടർന്നാൽ റിസർവായറിനുവേണ്ടി ചെലവാക്കിയതിനു തുല്യമായ തുക മണ്ണുമാറ്റുതിനുതന്നെ വേണ്ടിവരും. വാളയാറിൽ വെള്ളമില്ലാത്ത കുഴപ്പമാണു്. മലയുടെ കിഴക്കെ ചരുവിലുമിതുകൊണ്ടു് ആദ്യത്തെ മൺസൂണിൽ വെള്ളം വേണ്ടത്ര കിട്ടിയില്ല. വെള്ളം കൊട്ടക്കാൻ കഴിയാത്തതുകൊണ്ടു് ആ പ്രദേശത്തെ 4,000—ത്തിൽപരം ഏക്കർ നിലങ്ങളിൽ കഴിഞ്ഞ വർഷം വിളവു ഉണങ്ങി നശിച്ചുപോയി.

പിന്നെ ഇവിടെ റിസർച്ചിനുവേണ്ടി പണം ആവശ്യപ്പെട്ടിട്ടുണ്ടു്. പീച്ചിയിലുള്ള റിസർച്ചുസെൻറർ ഈ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം നല്ല നിലയിൽ ഉയർത്തിക്കൊണ്ടുപോകുവാൻ ശ്രമിച്ചിട്ടില്ല. റിസർച്ചിൽ ഏർപ്പെട്ടിട്ടുള്ളവർക്കു് ഹിൽ അലവൻസും ആവശ്യമായ പുസ്തകങ്ങളും ഒന്നും കൊടുക്കുന്നില്ല. ഒരു തടങ്കൽപാളയത്തിൽ ആക്കിയിരിക്കുകയാണവരെന്നു തോന്നും. ഉത്സാഹശീലരും പ്രഗത്ഭരുമായ യുവ ഇൻജിനീയർമാർ പ്രോത്സാഹനമില്ലാതെ അവിടെ വിഷമിക്കുകയാണു്. മീഡിയം—മൈനർ ഇറിഗേഷൻറെ കാര്യം പറഞ്ഞാൽ ഇതിലും കഷ്ടമാണു് സ്ഥിതി. ഒരുതരം രാമേശ്വരത്തെ ഏർപ്പാടാണു് ഈ രംഗത്തു നടക്കുന്നതു്. എൻറെ നിയോജകമണ്ഡലത്തിലെ ഒരു തോട്ടവെട്ടിൻറെ കഥതന്നെ എടുക്കാം. മൂവാറ്റുപുഴയാറ്റിൽനിന്നു വടയാർ കരിനിലങ്ങളിലേക്കു് വെട്ടിവിട്ടതു തോടിൻറെ പണി 10 വർഷം മുമ്പാണു് ആരംഭിച്ചതു്. തോടിൻറെ പണി പൂർത്തിയായിട്ടു് മൂന്നുനാലു വർഷമായി. അതിൻറെ ഷട്ടർ ഉയർത്തിവയ്ക്കുന്നതിനുള്ള ഹോയിസ്റ്റർ ഇല്ലാത്തതുകൊണ്ടു് തോടു് തുറന്നുവിട്ടിട്ടില്ല. ഹോയിസ്റ്റർ അനേഷിച്ചിട്ടു് കിട്ടുന്നില്ലെന്നാണു് പറയുന്നതു്. പി. ഡബ്ലിയു. ഡി. വർക്കഷോപ്പിൽ ഉണ്ടാക്കാമെന്നു പറയാൻ തുടങ്ങിയിട്ടു് കാലം വളരെയായി. ഉണ്ടാക്കുന്നില്ല. ഏതെങ്കിലും പ്രൈവറ്റു് ഏജൻസിയെ ഏൽപ്പിച്ചാൽ ഒന്നോ രണ്ടോ മാസത്തിനകം ഇതു കിട്ടും. ഞാൻ അതിൻറെ ഉത്തരവാദിത്വമേൽക്കാൻ തയാറാണു്. ഈ സഭയിൽ പലതവണ മന്ത്രി ഉറപ്പുതന്നിട്ടുള്ളതാണു്. എന്നിട്ടും കാര്യം ഇതേവരെ നടന്നിട്ടില്ല. അതുപോലെതന്നെ കരിയാർ സ്റ്റിൽവേയുടെ ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനു ആവശ്യമായ ബോറിംഗ് പ്ലാൻറു കൊടുക്കണമെന്നു് ആവശ്യപ്പെട്ടിട്ടു് രണ്ടു കൊല്ലമായിട്ടും അതു കൊടുക്കുവാൻ കഴിഞ്ഞിട്ടില്ല. ഇൻവെസ്റ്റിഗേഷൻ പകുതിയാക്കി നിർത്തിയിരിക്കുകയാണു്. ഈ രൂപത്തിൽ ഇതു നടത്തിക്കൊണ്ടുപോകുകയാണെങ്കിൽ എന്തിനാണു് ഈ പണം ചെലവാക്കുന്നതെന്നു് എനിക്കു തോന്നിപ്പോകുന്നുണ്ടു്. അഴിമതിയുടെ കഥകളാണു് ഇതിൽ അധികവുമുള്ളതു്. അതുപോലെതന്നെ തണ്ണീർമുക്കം ബണ്ടിൽ അതിൻറെ കിഴക്കേഭാഗത്തു് പൈൽസ് അടിച്ചു താഴ്ത്തുന്ന അവസരത്തിൽ പൈൽസ് ഒടിഞ്ഞുപോയി. അടർന്നുപോകുകയും പൊട്ടിപ്പോകുകയും ചെയ്തു. നാട്ടുകാരുടെ പരാതിയുണ്ടായി. പത്രങ്ങളിൽ ആക്ഷേപങ്ങളും വന്നു. ഒരു നടപടിയുമില്ല. പ്രബലനായ കൺട്രാക്ടർക്കും അഴിമതിക്കാരായ ഉദ്യോഗസ്ഥന്മാർക്കും എന്തു കൊള്ളയും നടത്താൻ സഹായം നൽകുകയാണു് ചെയ്യുന്നതു്. ഗവണ്മെൻറിൽ സ്വാധീനശക്തിയുള്ളവരായിരിക്കും പല കൺട്രാക്ടർമാരും. ചില കൺട്രാക്ടർമാർ മന്ത്രിയെ ഇലക്ഷനിൽ സഹായിച്ചിരിക്കും. ഭരണകക്ഷിക്കു് വലിയ തുക സംഭാവന കൊടുത്തിരിക്കും. അങ്ങനെയുള്ളവരെ സഹായിക്കുന്ന തരത്തി

LIBRARY ARCHIVES Kerala Legislative Assembly

ലാണ് പല വക്കേളും നടത്തുന്നതായി കാണുന്നത്. വളരെയധികം അനാസ്ഥയായിട്ടാണ് ഇതു നടത്തിക്കൊണ്ടുപോകുന്നത്. നമ്മുടെ പല ഇറിഗേഷൻ പദ്ധതികളും തെറ്റായ രൂപത്തിലും അഴിമതി നിറഞ്ഞുമാണ് പ്രവത്തിച്ചു കാണുന്നത്. ഈ പണം അനുവദിച്ചുതന്നാൽ അതും പഴായിപ്പോകുമോ എന്നു കരുതിയാണ് ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുന്നത്.

ശ്രീ. കെ. വി. നാരായണൻ : സർ, മീഡിയം ഇറിഗേഷൻ പദ്ധതിയുടെ കാര്യത്തിൽ ഗവണ്മെന്റു കാണിക്കുന്ന അനാസ്ഥയും, അവഗണനയും അക്ഷന്തവ്യമാണെന്നു പറയുവാൻ ഞാനാഗ്രഹിക്കുന്നു. ചിറ്റൂർ താലൂക്കിൽ വെങ്കലക്കയം എന്ന ഒരു പദ്ധതിയുണ്ട്. അതിനുവേണ്ട സ്ഥലം അക്വയർ ചെയ്തിട്ടു കാലം വളരെയായി. ഇപ്പോഴും അതിന്റെ പ്രവത്തനം ആരംഭിച്ചിട്ടില്ല. കുറെ ആളുകൾ അവിടെ കയ്യേറി ഇപ്പോഴും കൃഷി ചെയ്തുകൊണ്ടിരിക്കുന്നു. അതു ഗവണ്മെന്റിന്റെ പാർട്ടിയുടെ ആളുകളാണെന്നാണ് അറിയുന്നത്. അതുകൊണ്ടു പദ്ധതി നടപ്പിലാക്കുവാൻ പ്രയാസമായിരിക്കുന്നു. അതുപോലെ തന്നെ ചിറ്റൂർ താലൂക്കിന്റെ കിഴക്കൻ ഭാഗങ്ങളിൽ സ്വകാര്യ അണക്കെട്ടുകളുണ്ട്. അതു ഗവണ്മെന്റു ഏറ്റെടുക്കണമെന്ന പദ്ധതിയുണ്ടായിരുന്നു. എന്നാൽ അതനുസരിച്ചു് അതു് ഏറ്റെടുത്തതായി കാണുന്നില്ല. കൊഴിഞ്ഞാമ്പാറ, മഞ്ഞകുന്നംപതി മുതലായ സ്ഥലങ്ങളിലെ കൃഷിക്കാർ അവർക്കു വെള്ളം കിട്ടാത്തതിനെ സംബന്ധിച്ചു് ഒരു മെമ്മോറാണ്ടം ഗവണ്മെന്റിനു തന്നിട്ടുണ്ട്. പൊവൽസൂസ എന്ന സ്വകാര്യ അണക്കെട്ടിൽനിന്നും കൃഷിയിടത്തിലേയ്ക്കു വെള്ളംകൊണ്ടുപോകുന്നതിനുള്ള ചാൽ റിപ്പയർ ചെയ്യാത്തതിന്റെ ഫലമായി അതിൽനിന്നും കൃഷിക്കു വെള്ളം കിട്ടാതെ വരുന്നുണ്ട്. കൃഷിക്കാരിൽനിന്നു് വെള്ളത്തിനു് ടാക്കെന്ന നിലയിൽ ഒരു സംഖ്യ, വെള്ളം ഒകൊടുത്താലും ഇല്ലെങ്കിലും വാങ്ങുന്നുണ്ട്. ഒരുഭാഗത്തു് കൃഷി ഉണങ്ങുകയും മറുഭാഗത്തു് വെള്ളത്തിനു് ടാക്സു് കൊടുക്കേണ്ടിവരുകയും ചെയ്യുന്ന ദയനീയാവസ്ഥയാണുള്ളതു്. ഇക്കൊല്ലം ടാക്സു് കൊടുത്തില്ലെങ്കിൽ വരുന്നകൊല്ലം വെള്ളം തന്നില്ലെങ്കിലോ എന്ന ഭയത്തു് കൃഷിക്കാർ ടാക്സു് കൊടുക്കുകയാണു് ചെയ്യുന്നതു്. ഇങ്ങനെയായാൽ എങ്ങനെ നമ്മുടെ രാജ്യത്തു് കാർഷികോൽപാദനം വർദ്ധിപ്പിക്കുവാൻ കഴിയും. സ്വകാര്യ വ്യക്തികളും കൃഷിക്കാർക്കു വെള്ളം കൊടുത്തു് ടാക്സു് ഈടാക്കുന്ന സമ്പ്രദായം ഈ ഗവണ്മെന്റിന്റെ കീഴിലല്ലാതെ മറെറവിടെയെങ്കിലുമുള്ളതായി അറിയുന്നില്ല. അതുകൊണ്ടു ഇതുപോലെയുള്ള സ്വകാര്യജലസേചനപദ്ധതികളും ഗവണ്മെന്റു് ഏറ്റെടുക്കേണ്ടതാണു്. വെങ്കലകയം പദ്ധതിയും ഉടനേ നടപ്പിലാക്കേണ്ടതു് വളരെ ആവശ്യമാണെന്നു പറയുവാൻ ഞാനാഗ്രഹിക്കുന്നു. പോത്തുണ്ടി പദ്ധതിയുടെ പ്രവത്തനം വളരെ മന്ദഗതിയിലാണു് നടക്കുന്നതു്. അതിനുള്ള പ്രധാനകാരണം എത്തു് മുവിംഗു് മിഷ്യനറി ഇല്ലാത്തതാണു്. വിദേശ മൂലധനത്തിന്റെ അഭാവംകൊണ്ടു് അതു വരുത്താൻ സാധിക്കാതെയിരിക്കുകയാണെന്നു പറയുന്നതിനർത്ഥമില്ല. മറു പല ഗവണ്മെന്റുകളും ഇതുപോലെയുള്ള പദ്ധതികളും പ്രവത്തിച്ചു തുടങ്ങിയിട്ടുണ്ടു്. ആ ഗവണ്മെന്റുകൾക്കു് വിദേശമൂലധനത്തിന്റെ അഭാവമൊന്നും ഉണ്ടായിട്ടില്ല. ഇപ്പോഴും ഒരു കൺട്രാക്ടർക്കു് അണക്കെട്ടിന്റെ പണി ഏൽപ്പിച്ചുകൊടുത്തിരിക്കുകയാണു്. സ്വകാര്യ കൺട്രാക്ടറന്മാരെ ഈമാതിരി പണികളും ഏൽപ്പിക്കുന്നതുകൊണ്ടു് വലിയ നഷ്ടം ഗവണ്മെന്റിനുണ്ടാകുന്നുണ്ടു്. ഇങ്ങനെയായാൽ നാം വിചാരിച്ചതുപോലെ പദ്ധതികളുടെ പ്രവത്തനം മുന്നോട്ടുകൊണ്ടുപോകുവാൻ സാദ്ധ്യമാകുകയില്ലെന്നു മാത്രമല്ല; നമ്മുടെ ക്ഷേമപ്രശ്നത്തിനു് തെല്ലെങ്കിലും ആശ്വാസം നൽകുവാൻ സാധിക്കുകയില്ല. ഞാൻ ഈ ഡിമാൻറിനെ എതിർക്കുന്നു.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : ഏകദേശം അറുപതു ലക്ഷത്തോളം വരുന്ന ഈ ഡിമാൻറിനെ ശക്തിമത്തായി എതിർക്കുകയാണു്. ഈ പണം ആവശ്യപ്പെടുന്നതിനുമുമ്പു് ബഡ്ജറ്റു മുഖേന പാസാക്കിത്തന്നിട്ടുള്ള പണംകൊണ്ടു എന്തെല്ലാം ചെയ്തു എന്നു് ആർക്കും തന്നെ വ്യക്തമാകുന്നില്ല. നെല്ലും മറു വിളവുകളും വർദ്ധിപ്പിക്കുകയാണു് നമ്മുടെ ആവശ്യമെന്നു് പറയുന്നുണ്ടെങ്കിലും, ഇറിഗേഷനുവേണ്ടി പണം ചെലവുചെയ്യാൻ തയാറായിട്ടുണ്ടോ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ]

എന്നും ന്യായമായനിലയിൽ അതിൽ മേൽനോട്ടം വഹിച്ചിട്ടുണ്ടോ എന്നും നോക്കുമ്പോൾ അങ്ങനെ ചെയ്തുവെന്നു് പറയാൻ തരമില്ല. നെല്ലു് ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതിയാണു് പാക്കേജു് സ്കീം. പാലക്കാടു്, ആലപ്പുഴ എന്നീ സ്ഥലങ്ങളിൽ പാക്കേജു് പദ്ധതിപ്രകാരം വിപുലമായ തോതിൽ നെല്ലു് ഉൽപ്പാദിപ്പിക്കാനുള്ള പരിശ്രമങ്ങളാണു് നടത്തിക്കൊണ്ടിരിക്കുകയാണു്. പാക്കേജു് പദ്ധതിയെസംബന്ധിച്ചു് അഖിലേൻഡ്യാ നിലവാരത്തിൽ നടന്ന കാൺഫറൻസിൽ ആലപ്പുഴയുള്ള പാക്കേജു് പദ്ധതിയെസംബന്ധിച്ചു് വിമർശിക്കപ്പെട്ടരീതിയിൽ ആയിരുന്ന ചർച്ച ചെയ്യാതെന്നു് മനസ്സിലാക്കാൻ കഴിയുന്നുണ്ടു്. വെള്ളം ഒഴുക്കാൻ സാധിക്കാത്തതുകൊണ്ടു് ഓണാട്ടുകരയുള്ള കൃഷി ഉണങ്ങിപ്പോയിരുന്നുവെന്നും അക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിച്ചില്ലെന്നും ആ കാൺഫറൻസിൽ പങ്കെടുത്ത ഉദ്യോഗസ്ഥൻതന്നെ സമ്മതിക്കേണ്ടിവന്നിട്ടുണ്ടു്. പാക്കേജു് പദ്ധതി നടപ്പിലാക്കേണ്ടതു് ഇറിഗേഷൻ സൗകര്യമുണ്ടോ എന്നു നോക്കിവേണം. അതുനോക്കാതെ ആളുകൾ സ്വാധീനം ഉപയോഗിക്കുന്നതിനെ മാത്രം വച്ചുകൊണ്ടു ഇത്തരം പദ്ധതികൾ നടപ്പിലാക്കുന്നതു് ഗവണ്മെൻറിന്റെ പണവും ജനങ്ങളുടെ അദ്ധ്വാനവും നശിപ്പിക്കുന്ന നടപടിയായിരിക്കുമെന്നുള്ളകാര്യം ഗവണ്മെൻറു് പ്രത്യേകം അറിഞ്ഞിരിക്കേണ്ടതാണു്. പീച്ചി അണക്കെട്ടിനെപ്പറ്റി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. രണ്ടേകാൽകോടി രൂപ ചെലവുചെയ്ത പീച്ചിയിൽ നടന്നതു് എന്താണു് ? പല പദ്ധതികളിലും ഉള്ള കഴപ്പുകളെപ്പറ്റിയും, റിപ്പോർട്ടു വന്നിട്ടുണ്ടു്. അവിടെ അങ്ങനെയൊന്നുമില്ലെന്നു് ബഹുമാനപ്പെട്ട മന്ത്രി, അതിനെപ്പറ്റി ചോദിച്ചപ്പോൾ ഇവിടെപറഞ്ഞിട്ടുണ്ടു്. അവിടെ മണ്ണൊലിപ്പുകൊണ്ടു ചില തുരുത്തുകൾ രൂപംകൊണ്ടിരിക്കുകയാണു്. അവിടെ സാധാരണക്കാരായ ആളുകൾപോയി കൃഷിചെയ്തു് വെള്ളം ഒഴുകുന്നതിനെ തടസ്സപ്പെടുത്തത്തക്ക ഒരു ചുറുപാടുണ്ടായിരിക്കുന്നു എന്നാണു് മനസ്സിലാക്കാൻ കഴിയുന്നതു്. എത്രയോ പത്രറിപ്പോർട്ടുകളിലും ഈ അസംബ്ലിയിൽതന്നെയും പറഞ്ഞിട്ടുള്ളതാണു് മലമ്പുഴയിലും മണ്ണൊലിപ്പുകൊണ്ടു തുരുത്തുകൾ കാണാൻ തുടങ്ങിയിരിക്കുവെന്നു്. വളരെ പണം ചെലവാക്കിയിട്ടുള്ള പദ്ധതികളാണു് ഇവയെല്ലാം. അതു് അതാതു് കാലത്തു് നന്നാക്കി ശരിക്കു് കൃഷിക്കു് വെള്ളം കൊടുക്കാനുള്ള പരിതസ്ഥിതി ഗവണ്മെൻറു് സൃഷ്ടിക്കുന്നില്ലെങ്കിൽ എന്തിനുവേണ്ടിയാണു് ഗവണ്മെൻറു് പണം ചെലവുചെയ്യുന്നതെന്നു് ഞങ്ങൾക്കാർക്കും മനസ്സിലാക്കാൻ കഴിയുകയില്ല, ഇന്നുള്ള ചില പദ്ധതികൾക്കുവേണ്ടി കുറെ പണം നീക്കിവച്ചിട്ടുണ്ടു്. നെയ്യാർ, കല്ലട, തണ്ണീർമുക്കം, പോത്തുണ്ടി, കുറിയാടി, പഴശി എന്നിവയ്ക്കാണു് പണം നീക്കിവച്ചിട്ടുള്ളതു്. കോഴിക്കോട്ടു ഡിസ്ട്രിക്ടിനെ സംബന്ധിച്ചിടത്തോളം ഇങ്ങനെയുള്ള ഒരൊറ്റ പദ്ധതിമാത്രമെ പെടുത്തിയിട്ടുള്ളൂ. സാധാരണ മലബാറിനോടു അവഗണന കാണിക്കുന്നുണ്ടെന്നു് പരാതിയുണ്ടു്. ഇപ്പോൾ ഈ കാര്യത്തിലും അവഗണന കാണുന്നു. കുറിയാടി പദ്ധതിക്കു് 2 ലക്ഷം രൂപയാണു് നീക്കിവച്ചിട്ടുള്ളതു്. കേന്ദ്രസഹായത്തോടുകൂടി ഹൈഡ്രോ ഇലക്ട്രിക്കു് പവർ ഉൽപ്പാദിപ്പിക്കുന്ന ഈ പദ്ധതി തുടങ്ങിയിട്ടു രണ്ടുമൂന്നു കൊല്ലമായി. ഇതുവരെ എന്തു പുരോഗതിയുണ്ടായിട്ടുണ്ടെന്നു ഗവണ്മെൻറു അന്വേഷിക്കണം. ആ പദ്ധതിക്കുവേണ്ടി ന്യായമായി ചെയ്യേണ്ട കാര്യങ്ങൾ ചെയ്യുന്നതിനുള്ള നടപടികളെടുക്കാൻ ഗവണ്മെൻറിനു് കഴിഞ്ഞിട്ടില്ല. മലബാർഭാഗത്തു് കോഴിക്കോടു്, കണ്ണൂർ മുതലായ സ്ഥലങ്ങളിൽ ആസൂത്രണം ചെയ്തിട്ടുള്ള ഇറിഗേഷൻ പദ്ധതികൾ കൂടുതൽ ശക്തിപ്പെടുത്താനും, ഏറ്റവും വേഗത്തിൽ പണി തീർത്തു് പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകുന്നതിനും ഡിപ്പാർട്ടുമെൻറു വേണ്ടതരത്തിൽ പ്രവർത്തിക്കുന്നില്ല. ബഹുമാനപ്പെട്ട മന്ത്രിയും അതിൽ ശ്രദ്ധിക്കുന്നില്ല. ഇന്നുള്ള കുറങ്ങളും കുറവുകളും തീർക്കുന്നതിനു് ഗവണ്മെൻറു് അടിയന്തിരമായി ശ്രദ്ധിക്കണം. ഗവണ്മെൻറിനു് പാസ്സാക്കികൊടുക്കുന്ന പണംകൊണ്ടു് ന്യായമായി കാര്യങ്ങൾ ചെയ്യാൻ കഴിയുന്നില്ലെങ്കിൽ പിന്നെ എന്തിനു് വീണ്ടും പണം പാസാക്കിക്കൊടുക്കണം. പണം കൈയിൽവച്ചു് വെറുതെ എന്തെങ്കിലും കാട്ടിക്കൂട്ടിയാൽ പോരാ. ജനങ്ങൾക്കു് ഉപകാരപ്രദമായ രീതിയിൽ ഇറിഗേഷൻ പദ്ധതികൾ നടപ്പിൽ വരുത്താനുള്ള ആഗ്രഹവും തന്റേടവും ഗവണ്മെൻറിനുണ്ടാകണമെന്നുപറഞ്ഞുകൊണ്ടു് ഞാൻ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എം. കുട്ടി: നമ്മുടെ ഭക്ഷ്യോൽപ്പാദന കാര്യത്തിലും കാർഷിക പുരോഗതിയുടെ കാര്യത്തിലും നമ്മുടെ ഇറിഗേഷൻ വകുപ്പു കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ലെന്നുള്ളതാലോചിക്കുമ്പോൾ ശ്രീ. കുഞ്ഞിരാമൻ നമ്പ്യാർ ശക്തിമത്തായി എതിർത്തതുപോലെ എതിർക്കുന്നില്ലെങ്കിലും ലഘുവായിട്ടെങ്കിലും എതിർക്കാതിരിക്കാൻ നിവൃത്തിയില്ലെന്നു പറഞ്ഞുകൊള്ളട്ടെ. ഇവിടെ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റു് വളരെ ഗുണകരമായ കാര്യങ്ങൾ ചെയ്യുന്നുണ്ടെന്നുള്ള കാര്യം സമ്മതിക്കാതിരിക്കാൻ നിവൃത്തിയില്ല. ഇവിടെ ടി. കെ. കനാലിനു് 100 രൂപ ടോക്കൺ ഗ്രാന്റായി ആവശ്യപ്പെട്ടിട്ടുണ്ടു്. ഈ കനാലിന്റെ പ്രാധാന്യമെല്ലാവർക്കും അറിയാവുന്നതാണു്. കഴിഞ്ഞ യുദ്ധ കാലത്തു് വാഗൺ കിട്ടാത്തതുകൊണ്ടു് നമ്മുടെ പടിഞ്ഞാറൻ പ്രദേശത്തെ ആളുകൾക്കു് ക്ഷേണസാധനങ്ങൾ എത്തിക്കുന്ന കാര്യത്തിൽ വളരെ അധികം പ്രയോജനം ചെയ്തിട്ടുള്ള ഒരു തോടാണു് ഇതു്. ഇതു് കാസർഗോട്ടു മുതൽ തിരുവനന്തപുരംവരെ നീട്ടാനുള്ള പദ്ധതി ഗവണ്മെന്റിനുണ്ടു്. കനോലി കനാലിന്റെ ഒരു ഭാഗമാണു് ഈ താനൂർ—കുട്ടായികനാൽ. ഈ കനാലിൽ മണ്ണുവന്നുതിരുന്നതുകൊണ്ടു് വള്ളക്കാർക്കു് വള്ളംകൊണ്ടുപോകാൻ പ്രയാസം നേരിടുന്നുണ്ടു്. സിൽറ്റു് നീക്കംചെയ്യാൻ ഗവണ്മെന്റു് തുക വകയിരുത്തി ടെൻഡർ വിളിക്കാറുണ്ടു്. പലപ്പോഴും ആ ജോലി കാര്യക്ഷമമായി നടക്കാറില്ല. കൺട്രാക്ടറന്മാർ പല കള്ളത്തരവും നടത്തുന്നുണ്ടു്. വെള്ളത്തിന്റെ അടിയിൽ നടത്തുന്ന കള്ളത്തരം എൻജിനയറന്മാർക്കു കണ്ടുപിടിക്കാൻ കഴിയുന്നില്ല. എവിടെയെങ്കിലും കുഴികുഴിച്ചു് മണ്ണെടുത്തശേഷം ഇതു കുഴിച്ചു എന്നു കാണിച്ചു് കൺട്രാക്ടറന്മാർ പണം വാങ്ങിക്കൊണ്ടുപോകും. പിന്നെ തോണി അതിലെ പോകുമ്പോഴാണു് വള്ളക്കാർ വിഷമമനുഭവിക്കുന്നതു്. വെള്ളക്കെയറം ഉണ്ടെങ്കിലേ സഞ്ചരിക്കാൻ ഒക്കുകയുള്ളു എന്നുള്ള നിലയാണുള്ളതു്. ഈ കനാലിനെ സംബന്ധിച്ചിടത്തോളം, വളരെ അധികം പുരോഗതി ആവശ്യമാണു്. എൻജിനീയറന്മാർ അതിനുവേണ്ടി ഒരു പദ്ധതി ഗവണ്മെൻറിൽ സമർപ്പിച്ചിട്ടുണ്ടെങ്കിലും അതിനംഗീകാരം ഗവണ്മെൻറു കൊടുത്തിട്ടില്ലെന്നാണു് എനിക്കു് അറിയാൻ കഴിയുന്നതു്. ഇതിന്റെ പ്രവർത്തനം ഗവണ്മെൻറു് പ്രത്യേകം കണക്കിലെടുക്കണം. യുദ്ധകാലത്തു് ആ ഭാഗത്തു് രേണം നടത്തിയിരുന്നതും ബ്രിട്ടീഷുകാരായിരുന്നു. അന്നതന്നെ തിരുവിതാംകൂർ പ്രദേശങ്ങളിൽ തോടുകളുടെ രണ്ടു ഭാഗങ്ങളിലും ഭിത്തികെട്ടിത്തുടങ്ങിയിരുന്നു. പക്ഷേ ഇന്നുവരെ ടി. കെ. കനാലിൽ ഭിത്തി കെട്ടുന്നതിനാരംഭിച്ചിട്ടില്ല. ഈ കനാലിന്റെ മുകളിലുള്ള ഒരു പാലമാണു താനൂർ നഗരത്തിലുള്ളതു്. അതു് ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന്റെ കീഴിലാണു്. റോഡു് പഞ്ചായത്തിനാണെങ്കിലും, പാലം പഞ്ചായത്തിനു വിട്ടുകൊടുത്തിട്ടില്ല. ആ പാലം ജാംബവാന്റെ കാലത്തുള്ളതാണെന്നാണു് ആളുകൾ പറയുന്നതു്. അതു പഴക്കമുണ്ടു് അതിനു്. ഏതു നിമിഷവും പൊളിഞ്ഞുവീഴുമെന്നുള്ള നിലയാണുള്ളതു്. അതിന്റെ മുകളിൽക്കൂടി കാറുകളും ലോറികളുമെല്ലാം പോകുന്നുണ്ടു്. എൻജിനീയറന്മാരുടെ ശ്രദ്ധ ഈ കാര്യത്തിലേക്കു ക്ഷണിച്ചപ്പോൾ അവർ അവിടെ വരികയും ഗവണ്മെൻറിലേക്കു് ഒരു എസ്റ്റിമേറ്റു് അയച്ചിട്ടുള്ളതായി പറയുകയും ചെയ്തു. അതിനു് ഗവണ്മെൻറു് അംഗീകാരം നൽകിയിട്ടില്ല. ഇറിഗേഷൻ ഡിപ്പാർട്ടുമെൻറു് നമ്മുടെ ദേശീയ അടിയന്തിരാവസ്ഥ ബാധിക്കാത്ത ഒരു ഡിപ്പാർട്ടുമെൻറാണു്. ആ നിലയിൽ ഈ ഡിപ്പാർട്ടുമെൻറിൽ വളരെ അലസതയുണ്ടാകാൻ പാടില്ല. അതുകൊണ്ടു് ഈ വക കാര്യങ്ങളെല്ലാം പ്രത്യേകം ശ്രദ്ധിക്കണമെന്നു പറഞ്ഞുകൊണ്ടു് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. എൻ. എസ്. കൃഷ്ണപിള്ള: ഞാൻ ഈ ഡിമാൻറിനെ അനുകൂലിക്കുകയാണു്. മൈനർ ഇറിഗേഷൻ പദ്ധതികളും മറ്റു് ഇറിഗേഷൻ പദ്ധതികളുംകൊണ്ടു് വലിയ ഗുണമൊന്നുംഉണ്ടായിട്ടില്ലെന്നു പ്രതിപക്ഷത്തുനിന്നും പറയുന്നതു കേട്ടു അതു ശരിയല്ല. വളരെ അധികം ഗുണങ്ങൾ ഉണ്ടായിട്ടുണ്ടു്. പക്ഷേ അതിനു് ഒരു ചെറിയ ന്യൂനത ഉള്ളതു് ഈ അവസരത്തിൽ ഗവണ്മെൻറിനെ അറിയിക്കാതിരിക്കാൻ

[ശ്രീ. എൻ. എസ്. കൃഷ്ണപിള്ള]

നിവൃത്തിയില്ല. ഏതെങ്കിലും ഒരു മൈനർ ഇറിഗേഷൻ വർക്ക് ചെയ്യുന്നതിന് അതിനെപ്പറ്റി പിന്നെ വലുതായി ശ്രദ്ധിക്കാത്തതുകൊണ്ട് കാലക്രമേണ നികന്നു പോകാറുണ്ടെന്നല്ലാതെ അതുകൊണ്ട് ഗുണമൊന്നുമില്ലെന്നു പറയുന്നതു് അത്രവളരെ ശരിയല്ല. ഇതേസമയത്തു് ഡിപ്പാർട്ടുമെൻറിന്റെ ചില അനാസ്ഥകരം ഗവണ്മെൻറിന്റെ ശ്രദ്ധയിൽ ഞാൻ പെടുത്തുകയാണു്. ശ്രീമതി ഗൗരി ഇവിടെ കരിയെപ്പറ്റി പറഞ്ഞു. അന്ധകാര അഴിയിൽനിന്നു ലക്ഷക്കണക്കിനു രൂപയുള്ള വളം അടിച്ചുകയറുന്നുണ്ടു്, ആ വളം ഇപ്പോഴും ഇറിഗേഷൻ ഡിപ്പാർട്ടുമെൻറുകാരുടെ ചില കുഴപ്പങ്ങൾകൊണ്ടു് കിട്ടാതിരിക്കുകയാണു്. ആലപ്പുഴ ഡി. ഡി. സി-യിലും ഞാൻ ഇതിനെപ്പറ്റി ശക്തിയായി വാദിച്ചിട്ടുണ്ടു്, കാരണം, അതിന്റെ കാര്യങ്ങൾ എനിക്കു നേരിട്ടു് അറിയാമെന്നുള്ളതുകൊണ്ടാണു്. അനേകലക്ഷം രൂപയുടെ വളം പല സ്ഥലങ്ങളിലും നിന്നു് ആളുകൾ വന്നു് വള്ളത്തിൽകൊണ്ടുപോയി കൃഷിക്കുപയോഗിക്കുന്നുണ്ടു്. ഈ കാര്യത്തിൽ ഗവണ്മെൻറു് പ്രത്യേകം ശ്രദ്ധിക്കണം, വേണ്ടി വന്നാൽ ഇറിഗേഷൻ ചീഫ് എൻജിനീയറും അഗ്രിക്കൾച്ചറൽ ഡയറക്ടറും ആലപ്പുഴ കളക്ടറും ആ സ്ഥലം പരിശോധിച്ചു് എന്താണു വേണ്ടതെന്നു തീർച്ചപ്പെടുത്തണമെന്നാണു് എനിക്കു പറയുവാനുള്ളതു്,

എന്റെ സ്നേഹിതൻ ശ്രീനിവാസൻ ചൂണ്ടിക്കാണിച്ച മുഹാറുപുഴ റിവർ ഡൈവേർഷൻ എന്നതും അത്യാവശ്യമാണു്. 1950-ൽ Regulater-ും, Shutters-ും ഇട്ടതു ജോലിയാണു് ബാക്കിയുള്ളതു്. ആ തോടിന്റെ പണി ചെയ്യിച്ച കൺട്രാക്ടർക്കുള്ള മുഴുവൻ തുകയും കൊടുത്തുതീർത്തു. 6000 ഏക്കർ സ്ഥലം നല്ല ഇരുപ്പു കൃഷിക്കു പര്യാപ്തമാക്കുന്ന ഈ ജോലി ഉടൻതന്നെ ചെയ്തു തീർക്കണമെന്നു് എനിക്കപേക്ഷയുണ്ടു്. ഈ കരിനിലങ്ങൾ വെച്ചൂർ (മുണ്ടാർകരി) കുമരകം വില്ലേജുകളിൽ ഉള്ളവയാണു്.

അതുപോലെതന്നെ നമ്മുടെ പ്രോജക്ടുകളെപ്പറ്റിപറയുകയാണെങ്കിൽ ഇന്നു വളരെ അധികം പ്രോജക്ടുകളിൽ മണ്ണൊലിച്ചിറങ്ങി വെള്ളം വറ്റിപ്പോകുകയാണു ചെയ്യുന്നതു്. ഉദാഹരണത്തിനു വാളയാർ പ്രോജക്ടു് ഞാൻ സന്ദർശിച്ചിരുന്നു. വാളയാർ പ്രോജക്ടിനുവേണ്ടി 135 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ടു്. എന്നിട്ടുകൂടി ഈ വാളയാർ പ്രോജക്ടിൽ ഒരു തുള്ളി വെള്ളമില്ല. ആ പ്രോജക്ടിന്റെ ബെനിഫിഷ്യറി ഏരിയയായി ഏകദേശം എണ്ണായിരം ഏക്കർ ഭൂമിയുണ്ടു്. എന്നാൽ ഈ വാളയാർ പ്രോജക്ടിൽനിന്നും അവിടെ കൃഷിക്കു ആവശ്യമായ വെള്ളം ലഭിക്കാത്തതുകൊണ്ടു കൃഷി നഷ്ടത്തിലാണു് കലാശിച്ചിരിക്കുന്നതു്. ഈ വാളയാർ പ്രോജക്ടിൽനിന്നും ലോറി ഇറക്കി മണ്ണുവാരിക്കൊണ്ടുപോകാൻ കഴിയും. അതിന്റെ മുന്നു വശത്തുകൂടി ലോറികൾ ഇറക്കി മണ്ണുവാരിക്കൊണ്ടുപോകാൻ കഴിയുന്നതാണു്. മഴയില്ലാതിരിക്കുന്നതുകൊണ്ടു ഇപ്പോൾ അതു സൗകര്യമായിരിക്കും. അതുകൊണ്ടു ആ കാര്യത്തിൽ ഗവണ്മെൻറു് ഉടനെ ശ്രദ്ധിക്കുകയാണെങ്കിൽ അടുത്ത കൊല്ലത്തിൽ ഇത്രവളരെ വെള്ളം ഇല്ലാതെ വരികയില്ല. ഇവിടെ ഒരു ചെറിയ ഭാഗത്തുമാത്രമേ കുറച്ചു വെള്ളം ഉള്ളതായി കാണപ്പെട്ടുള്ളൂ. അതിനകത്തു കുറെ മത്സ്യങ്ങളും കിടപ്പുണ്ടായിരുന്നു. അവയെല്ലാം ഇപ്പോൾ ചൂടുകൊണ്ടു ചത്തുകാണണം. വളയാർ പ്രോജക്ടിലെ മണ്ണുമാന്തി എടുത്തുകളയുന്നതു് ഈയവസരത്തിൽ വളരെ ആവശ്യമാണെന്നുള്ളതുകൊണ്ടു അതിലേക്കു ഗവണ്മെൻറിന്റെ ശ്രദ്ധ ക്ഷണിച്ചുകൊള്ളുകയാണു ചെയ്യുന്നതു്.

അതുപോലെ വളരെ അധികം ജോലി ഈ ലാൻഡ് അക്വസിഷന്റെ കാര്യത്തിലും മറ്റും ചെയ്തുതീർക്കേണ്ടതായിട്ടുള്ളതു ചെയ്തുതീർക്കണമെന്നു ഞനീയവസരത്തിൽ വിനീതമായി അപേക്ഷിച്ചുകൊള്ളുന്നു. അതുപോലെതന്നെ കൃഷിക്കാക്കു ഈ നദികളുടെ തീരപ്രദേശങ്ങളിൽ രണ്ടു കൃഷിയോ മൂന്നു കൃഷിയോ ചെയ്യുന്നതിനു ഏറ്റവും ഫലപ്രദമായി ചെയ്യാൻ കഴിയുന്നതു ഈ ലിഫ്റ്റു് ഇറിഗേഷൻമൂലമാണെന്നുള്ളതിനു യാതൊരു സംശയവുമില്ല. പെരിയാറു്, മൂവാറ്റുപുഴയാറു്, മണിമലയാറു്, പമ്പാ, അച്ചൻകോവിലാറു് ഈ നദികളുടെ

LIBRARY ARCHIVES Kerala Legislative Assembly

രീരത്തു് ഇപ്പോഴും കൃഷിചെയ്യ വരുന്നതു് ലിഫ്റ്റു് ഇറിഗേഷൻ വഴിയാണു്. ഇവിടെ ചിലസ്ഥലങ്ങളിൽ മൂന്നു കൃഷിവരെ ചെയ്യുന്നുണ്ടു്. ജനങ്ങളും ഇറിഗേഷന്റെ ആവശ്യത്തിലേക്കു ലാൻഡു് വിട്ടുകൊടുക്കുന്നില്ല എന്നുപറഞ്ഞു് ലിഫ്റ്റിറിഗേഷൻ പദ്ധതികളും നടപ്പാക്കാതെ ഇരിക്കരുതെന്നു ഞാൻ വിനീതമായി ഗവണ്മെൻറിനെ അറിയിച്ചുകൊള്ളുകയാണു്.

ശ്രീ. ഈ. പി. ഗോപാലൻ : ബഹുമാനപ്പെട്ട മെമ്പർ വാളയാർ പ്രോജക്റ്റു സന്ദർശിച്ചിട്ടുണ്ടു് എന്നു പറയുകയുണ്ടായി. അപ്പോട്ടത്തിൽ മലമ്പുഴ ഡാംകൂടി സന്ദർശിച്ചിട്ടുണ്ടായിരിക്കണമല്ലോ. അവിടേയും ഈ മണ്ണു് ഒലിച്ചുകൊണ്ടുവന്നു് നികന്നുപോയിട്ടുള്ളതു ഇതുവരെ നീക്കം ചെയ്യപ്പെട്ടിട്ടില്ലാ എന്നുള്ളതു ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എൻ. എസ്. കൃഷ്ണപിള്ള : ഞാൻ വളയാർ പ്രോജക്റ്റിന്റെ കാര്യം പ്രത്യേകം എടുത്തുപറഞ്ഞു എന്നേയുള്ളു. മണ്ണൊലിപ്പു വളരെ അധികം ഉണ്ടാകുന്നതുകൊണ്ടു് അതു യഥാകാലം മാറാത്തതിനാൽ ഈ പ്രോജക്റ്റുകളിൽ വെള്ളമില്ലാതെ നികന്നുപോകുന്നുണ്ടു് എന്നു പറഞ്ഞതാണു്.

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസു്) : സർ, ബഹുമാനപ്പെട്ട 6 മെമ്പറന്മാർ ചൂണ്ടിക്കാണിച്ചിട്ടുള്ള ന്യൂനതകളേയും വച്ചിട്ടുള്ള നിർദ്ദേശങ്ങളേയും ഒക്കെപ്പറ്റി ആലോചിച്ചു ഗവണ്മെൻറിനു എന്തു പരിഹാരം ചെയ്യാൻ കഴിയുമെന്നും ഇറിഗേഷൻ പ്രവർത്തനങ്ങളും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും പ്രയോജനകരമാക്കുന്നതിനും എന്തു നടപടികളും എടുക്കണമെന്നും ആലോചിച്ചു വേണ്ടതായ എല്ലാ പ്രവർത്തനങ്ങളും നടത്തുന്നതാണു്. പക്ഷേ വളരെ കാര്യമായി ചൂണ്ടിക്കാണിച്ചിട്ടുള്ള ചില ആരോപണങ്ങളും ഈ സപ്ലിമെൻററി ഡിമാൻഡു് കൊണ്ടുവന്ന അവസരത്തിൽ വളരെ പ്രസക്തിയുള്ളതാണോ എന്നു സംശയിക്കുന്നു. ഒരു മെനെർ ഇറിഗേഷൻ പദ്ധതിയെപ്പറ്റി ശ്രീമതി ഗൗരി പ്രസ്താവിക്കുകയുണ്ടായി. അതേപ്പറ്റി ഡി. ഡി. സി. പ്രമേയം പസ്സാക്കി അയച്ചിട്ടും ഒരു എക്സിക്യൂട്ടീവു് എൻജിനീയറുടെ നിർബന്ധംമൂലം കുറെ കൊല്ലങ്ങളായിട്ടും അതിന്റെ പണി ആരംഭിക്കാൻ കഴിഞ്ഞിട്ടില്ലാ എന്നുള്ളതാണു്. അങ്ങനെ ഇതിന്റെ പ്രവർത്തനം നടക്കാതെയിരുന്നതിനുകാരണങ്ങളും വല്ലതും ഉണ്ടോ അതോ അതു എക്സക്യൂട്ടീവു് എൻജിനീയർ സ്വന്തംനിലയിൽ അതിന്റെ പണി ആരംഭിക്കാതിരിക്കുന്നതിനു ശാഠ്യംകാണിക്കുകയാണോ എന്നും മനസിലാകുന്നില്ല. അങ്ങനെ ഒരു ബുദ്ധിമുട്ടുണ്ടെങ്കിൽ അതേസംബന്ധിച്ചു ഡി. ഡി. സി.—യുടെ ഒരു പ്രമേയമോ അതല്ലെങ്കിൽ ബഹുമാനപ്പെട്ട മെമ്പറുടെ ഒരു എഴുത്തോമൂലം ഇതു ഗവണ്മെൻറിന്റെ ശ്രദ്ധയിൽകൊണ്ടുവന്നിരുന്നു എങ്കിൽ അതേ സംബന്ധിച്ചു ഗവണ്മെൻറു് അന്വേഷണം നടത്തുമായിരുന്നു. ഉദ്യോഗസ്ഥന്മാരുടെ അലസതമൂലം പണിനടത്തിയില്ല എന്നുവരാം. മറ്റാരെങ്കിലും ഈ ഉദ്യോഗസ്ഥനെ സ്വാധീനിച്ചു, അതുകൊണ്ടു് ഇതിന്റെ പണി ആരംഭിച്ചില്ലാ എന്നു വരാം. അതൊന്നുമല്ലാതെ ഇതിന്റെ പണി ആരംഭിക്കുന്നതിനു ഒരു എക്സിക്യൂട്ടീവു് എൻജിനീയർ ശാഠ്യംപിടിച്ചിരിക്കുന്നു എന്നു പറഞ്ഞാൽ അതു മനസ്സിലാകുന്നില്ല. അതു എങ്ങനെയാണെന്നുള്ളതിനെപ്പറ്റി അന്വേഷിക്കാം.

ശ്രീമതി കെ. ആർ. ഗൗരി : ഞാൻ പറഞ്ഞതിൽനിന്നു മനസ്സിലാക്കുന്നു എന്നാണു് പറഞ്ഞതു്. എത്രയോ പ്രാവശ്യം ഡി. ഡി. സി. ഇതേ സംബന്ധിച്ചു് പ്രമേയം പാസ്സാക്കീയിട്ടുണ്ടു്. ആ പ്രമേയങ്ങളും ഇങ്ങോട്ടയയ്ക്കുന്നുമുണ്ടു്. പിന്നെ മന്ത്രിയുടെ അടുത്തുവന്നു പറഞ്ഞിട്ടില്ലാ. എങ്കിലും പല പ്രാവശ്യം പ്രമേയം പാസ്സാക്കീട്ടുള്ളതാണു്.

ശ്രീ. ഈ. പി. പൗലോസു് : ഈ ഒരു പ്രത്യേക വക്കിന്റെ കാര്യത്തിൽ ഈ എക്സിക്യൂട്ടീവു് എൻജിനീയർ അനാസ്ഥ കാണിക്കുന്നു എന്നാണു് പറയുന്നതു്. ഈ വക്കുകളുടെ കാര്യത്തിൽ പൊതുവേയുള്ള പ്രോഗ്രസു് മുതലായ കാര്യത്തെ സംബന്ധിച്ചുള്ള പ്രമേയം അല്ലാതെ ഈ പ്രത്യേക വക്കിന്റെ കാര്യത്തിലും അതിന്റെ നടത്തിപ്പിൽ അലസത കാണിക്കുന്നതായും ഒരു പ്രത്യേകമായ പ്രമേയമൊന്നും ഗവണ്മെൻറിനു കിട്ടിയിട്ടില്ല. ഏതായാലും

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഈ. പി. പൗലോസ്]

ബഹുമാനപ്പെട്ടമെമ്പർ അതു ഗവണ്മെൻറിന്റെ ശ്രദ്ധയിൽകൊണ്ടുവന്നു. അതു കൊണ്ടു് അതേപ്പറ്റി അന്വേഷിക്കാം. തീർച്ചയായും ഒരു മൈനർ ഇറിഗേഷൻ വക്കു് ആരംഭിക്കുന്നതിനുള്ള അനുവാദത്തിനായി ഗവണ്മെൻറിൽ വരണ്ട. അതു ഇറിഗേഷൻ ചീഫു് എൻജിനീയക്കും വരേണ്ട ആവശ്യമില്ല. എങ്കിലും പ്രത്യേക പരിതഃസ്ഥിതിയിൽ എക്സിക്യൂട്ടീവു് എൻജിനീയക്കു് ആവശ്യമായ നിർദ്ദേശം കൊടുക്കാം.

ശ്രീമതി കെ. ആർ. ഗൗരി : ഏതായാലും ഈ വക്കിനെ സംബന്ധിച്ചിടത്തോളം അതിനോടു ബന്ധപ്പെട്ട ഇതുപോലെയുള്ള ബണ്ടു് ഇടേണ്ടതു രണ്ടു് എണ്ണം ഇട്ടുകഴിഞ്ഞു. അതും ഈ മൈനർ ഇറിഗേഷൻ വക്കിൽപ്പെട്ടതുതന്നെയാണു്. എന്നാൽ മൂന്നാമത്തെ ബണ്ടു് ഇടുകയുണ്ടായില്ല. അതിനു പറയുന്ന കാരണം അതു മൈനർ ഇറിഗേഷൻ വക്കിൽപ്പെട്ടതല്ല, മീഡിയം ഇറിഗേഷനിൽപ്പെട്ട വക്കാണെന്നാണു്. അങ്ങനെ ഈ വക്കുകൂടി നടത്താതെ അതു മീഡിയം ഇറിഗേഷൻ വക്കാണെന്നു പാഞ്ഞാൽ മതിയോ, അതിനോടു ബന്ധപ്പെട്ട രണ്ടു വക്കുകളും മൈനർ ഇറിഗേഷൻ വക്കാണെന്നു പറഞ്ഞു രണ്ടെണ്ണം ചെയ്തു. ഒരെണ്ണം മീഡിയം ഇറിഗേഷൻ വക്കാണെന്നു പറഞ്ഞു ആരംഭിച്ചിട്ടില്ല.

ശ്രീ. ഈ. പി. പൗലോഡു് : ഒരു മൈനർ ഇറിഗേഷൻ വക്കു മീഡിയം ഇറിഗേഷൻ വക്കു് ആക്കാനുള്ള ശ്രമമുണ്ടെന്നു പറയുന്നു. ആദ്യമായി അവിടെ ഒരു എക്സിക്യൂട്ടീവു് എൻജിനീയർ ഉണ്ടായിരുന്നു. ആ ഉദ്യോഗസ്ഥൻ സ്ഥലം മാറിപോയി എന്നും, പിന്നീടു വന്നയാളും ഈ ജോലി തുടർന്നു നടത്തുന്നതിനു വിരോധിയാണെന്നും പറഞ്ഞാൽ അതുമനസ്സിലാക്കാൻ നിവൃത്തിയില്ലാത്ത ഒരു സാഹചര്യമാണു്. ഒരു മൈനർ ഇറിഗേഷൻ വക്കു് എന്നുള്ള നിലയിൽ അതു നടത്താൻ ശ്രമിക്കുകയും അതിന്റെ സ്വഭാവത്തെപ്പറ്റിയെല്ലാം പരിശോധിച്ചപ്പോളും അതൊരു മീഡിയം ഇറിഗേഷൻ വക്കാണെന്നു കണ്ടു് അതിന്റെ പണി നടത്താൻ അല്പം താമസിച്ചുപോയതല്ലേ എന്നും സംശയിക്കേണ്ടിയിരിക്കുന്നു. ഒരു മൈനർ ഇറിഗേഷൻ വക്കാണെന്നു തോന്നി അതിനു അനുവാദം കൊടുത്തതിനുശേഷം അതു മീഡിയം ഇറിഗേഷൻ വക്കായി നടത്തണമെന്നു പിന്നീടു തീരുമാനിച്ചു എന്നുള്ളതല്ലാതെ എന്തിനാണു് ഇക്കാര്യത്തിൽ ഒരു നിഴൽയുദ്ധം നടത്തുന്നതു് എന്നു മനസ്സിലാകുന്നില്ല.

ശ്രീമതി കെ. ആർ. ഗൗരി : അക്കാര്യത്തെപ്പറ്റി കോൺഗ്രസു് പാർലമെൻറി പാർട്ടിയോടു ചോദിച്ചാൽ മതി.

ശ്രീ. ഈ. പി. പൗലോസു് ; ചോദിക്കാം. ഇതാണു് പ്രധാനമായിട്ടുള്ള ഒരു കാര്യം.

മറ്റൊരു കാര്യം ഇവിടെ ചൂണ്ടിക്കാണിച്ചതു് വെങ്കലക്കയം സ്കീമിന്റെ പണിയെപ്പറ്റിയാണു്. അതിന്റെ പണി ആരംഭിക്കുന്നതിനു താമസിച്ചുപോയി എന്നുള്ളതാണു്. ഈ പദ്ധതി ആരംഭിക്കേണ്ട കാലത്തു ആ സ്ഥലത്തു കൃഷിയിറക്കിയിരുന്നു. അവിടെ വിത്തു വിതച്ചുകഴിഞ്ഞിരുന്നു. കൃഷികളും ഏതാനും വളർന്നിരുന്നു. അതുകൊണ്ടു്.....

ശ്രീ. കെ. വി. നാരായണൻ : കൃഷിയിറക്കുന്നതിനു മുമ്പു് ഇതിന്റെ പണി ആരംഭിക്കാൻ ഉദ്ദേശമില്ലായിരുന്നു എന്നല്ലേ അതുകൊണ്ടു് മനസ്സിലാക്കേണ്ടതു്.

ശ്രീ. ഈ. പി. പൗലോസു് : അവിടെ കൃഷിയിറക്കിയവരിൽനിന്നും പ്രത്യേകമായി നിവേദനങ്ങളും കിട്ടിയിരുന്നു, ഈ കൃഷി നഷ്ടപ്പെടുത്തരുതു് അതു എടുത്തുകഴിയുന്നതുവരെ അതിന്റെ പണി ആരംഭിക്കരുതു് എന്നു്. അതനുസരിച്ചു് അപ്പോളും പണി ആരംഭിച്ചില്ല. വിളവെടുത്തുകഴിഞ്ഞ ഉടനേതന്നെ പണി ആരംഭിക്കുന്നതാണു്. കൃഷി നശിപ്പിക്കരുതു് എന്നുള്ളതുകൊണ്ടു മാത്രം അതിന്റെ പണി ആരംഭിക്കാതെ ഏതാനും മാസം താമസിപ്പിച്ചു എന്നേയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

വൻകിട പദ്ധതികളെപ്പറ്റി പ്രധാനമായ ഒരു കാര്യം ശ്രീ. കുഞ്ഞിരാമൻ നമ്പ്യാർ പറയുന്നതുകേട്ടു, പഴശി പ്രോജക്റ്റിനെപ്പറ്റിയാണു് പ്രത്യേകം സൂചിപ്പിച്ചതു്. സർ, പല അവസരങ്ങളിലും അതിന്റെ യഥാർത്ഥ വിവരങ്ങൾ ഇവിടെ ചൂണ്ടിക്കാണിക്കാൻ ശ്രമിച്ചിട്ടുണ്ടു്. വൻകിട പദ്ധതികൾക്കെല്ലാംകൂടി മൊത്തത്തിൽ 11 കോടിയോളം രൂപ അനുവദിച്ചിട്ടുണ്ടു്. ഇങ്ങനെ 11 കോടി രൂപ എന്നു നിശ്ചയിച്ചതുതന്നെ വളരെ ബുദ്ധിമുട്ടിയാണു്. പല പ്രോജക്റ്റുകളെ സംബന്ധിച്ചിടത്തോളം അവ എക്കണോമിക്കായിട്ടുള്ളതല്ല. പ്രത്യേകിച്ചും ഈ വളപട്ടണം സ്കീമിനു ഒരു വിധത്തിലും സെൻട്രൽ വാട്ടർ പൗവ്വർ കമ്മിഷൻ അനുവാദം തരാൻ നിവൃത്തിയില്ലാ എന്നു നിർബന്ധിച്ചിട്ടും നമ്മുടെ സംസ്ഥാനത്തിന്റെ എല്ലാ ഭാഗത്തും ഇതുപോലെയുള്ള പദ്ധതികൾ നടപ്പാക്കണം എന്നുള്ള നിർബന്ധമായ പ്രേരണയുടെ ഫലമായിട്ടു് ഈ സ്കീമിനു് അനുവാദം ലഭിച്ചിട്ടുള്ളതാണു്. അല്ലാതെ പ്രാദേശികമായ അവഗണനകൊണ്ടു് മറ്റു് അവഗണനകളുടെ കൂട്ടത്തിൽ ഇങ്ങനെ ഇതു അവഗണിക്കപ്പെട്ടതാണെന്നുള്ള ശ്രീ. കുഞ്ഞിരാമൻ നമ്പ്യാരുടെ സൂചന ശരിയല്ല. വസ്തുതകൾക്കു നിരക്കാത്തതാണു് അദ്ദേഹത്തിന്റെ പ്രസ്താവന. എത്രമാത്രം ഗവണ്മെൻറിനു് ഇക്കാര്യത്തിൽ ഉൽക്കണ്ഠ ഉണ്ടായിരുന്നു എന്നുള്ളതു ഒരുപക്ഷേ ബഹുമാനപ്പെട്ട മെമ്പറന്മാർക്കും അറിയാവുന്നതാണു്. എന്തുകൊണ്ടെന്നാൽ സാധാരണ രീതിയിൽ ഉൾപ്പെടുത്താനുള്ള ഒരു പദ്ധതിയല്ല എന്നുള്ളതുകൊണ്ടാണു് നിർബന്ധമായി ഇങ്ങനെ പ്രേരണ ചെലുത്തേണ്ടിവന്നതു്. അതുകൊണ്ടു് പഴശ്ശി പദ്ധതിയെപ്പറ്റി ഒരു പ്രാദേശിക അവഗണനയെന്നും മറ്റും പറയുന്നതു് സാഹസമായിരിക്കും.

ശ്രീ. ഈ. പി. ഗോപാലൻ : ബഹുമാനപ്പെട്ട മന്ത്രി പറയുന്നതിനു ഉപോൽബലകമായി അതിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്നു പറയാമോ ?

ശ്രീ. ഈ. പി. പൗലോസ് : പഴശ്ശി, കാഞ്ഞിരപ്പുഴ, കുറ്റ്യാടി, ഈ പദ്ധതികൾക്കു് ഇപ്പോൾ നാമമാത്രമായിട്ടുള്ള അലാട്ടുമെൻറുകൾ മാത്രമേ കൊടുക്കുന്നുള്ളു. അതിനു കാരണം രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ആരംഭിച്ചിട്ടുള്ള പദ്ധതികളിൽ തീരുമെന്നു പ്രതീക്ഷിച്ചിരുന്ന മേജർ ഇറിഗേഷൻ പദ്ധതികളുടെ പണി പൂർത്തിയായിതീർന്നതിനുശേഷമേ ആ പുതിയ പദ്ധതികളുടെ പണി ആരംഭിക്കാവൂ എന്നുള്ള തീരുമാനമാണു്. പോത്തുണ്ടി പദ്ധതിയുടെ പണി ആരംഭിച്ചതും ഇതിന്റെ പണി തുടർന്നുനടത്തിയതും മൂന്നാം പഞ്ചവത്സര പദ്ധതിയിലാണു്. കഴിഞ്ഞ കൊല്ലത്തിലാണു് അവിടെ കാര്യമായിട്ടു് എന്തെങ്കിലും ചെയ്തിട്ടുള്ളതു്. പെരിയാർവാലി സ്കീമിൽ 1961-62, 1962-63 ഈ കൊല്ലങ്ങളിലാണു് കാര്യമായ പണി നടത്തിയതു്.

ശ്രീ. പി. ബാലചന്ദ്രമേനോൻ : മദ്രാസു് ഗവണ്മെൻറു് വളരെ നേരത്തെതന്നെ ഈ പദ്ധതികളുടെ പണി ആരംഭിക്കുകയും ചിലതു പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ടെന്നറിയാമോ; അവിടെ ഐ. ആർ. സി. എന്നൊരു ഫണ്ടുണ്ടു്. അതുമുഖാന്തിരം അവിടെ ഈ പദ്ധതികൾക്കാവശ്യമായ മെഷീനറികൾക്കു് എല്ലാം അവർ നേരത്തെ ആർഡർ കൊടുക്കുകയും അതു അവർക്കു കിട്ടുകയും ചെയ്തു. ഇവിടെ ഇതുവരെ ഈ മെഷീനറികൾ കിട്ടീട്ടില്ലാ. അതുകൊണ്ടാണു് പണിനടക്കാത്തതെന്നറിയാമോ ?

ശ്രീ. ഈ. പി. പൗലോസ് : ഇപ്പോൾ ഇവിടെ ഈ പദ്ധതികൾ പുരോഗമിക്കാനുള്ള താമസം യന്ത്രങ്ങൾ കിട്ടാത്തതുകൊണ്ടുമാത്രമാണു്, അല്ലാതെ അവഗണന ഒന്നുമില്ല. ബഹുമാനപ്പെട്ട മെമ്പറന്മാരും അതു സമ്മതിക്കുമല്ലോ. മദ്രാസു് ഗവണ്മെൻറിനു ഈ മെഷീനറി നേരത്തെ കിട്ടീട്ടുള്ളതു അവർക്കു് ഈ മെഷീനറിക്കാവശ്യമുള്ള ഫോറിൻ എക്സ്ചേഞ്ചു് കിട്ടുന്നതിനു മുൻഗണന കൊടുക്കാൻ കഴിയുമെന്നുള്ളതുകൊണ്ടാണു്. എന്നാൽ നാം നമ്മുടെ പൗവ്വർ പ്രോജക്ടിനാണു് മുൻഗണന കൊടുക്കുന്നതു്. ഓരോ സംഗതിയിലും അതുയും പ്രയാസിച്ചു വൻകിട ജലസേചനപദ്ധതികൾക്കു കൊടുക്കാൻ കഴിയു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഈ. പി. പൗലോസ്]

ന്നില്ല. നമുക്ക പരിമിതമായി അനുവദിക്കുന്ന ഫാറിൻ എക്സ്പേഞ്ചിനു പോലും മുൻഗണന നിശ്ചയിക്കേണ്ടതുണ്ട്. ഏതായാലും ഞെരുക്കം പ്രാവശ്യം ഇക്കാര്യം പ്ലാനിംഗ് കമ്മിഷന്റെ ശ്രദ്ധയിൽപ്പെടുത്തിട്ടുണ്ട്. കഴിയുന്നതും വേഗം അവർ അതു അനുവദിച്ചുതരും.

മറ്റു് പല കാര്യങ്ങളും എനിക്കു പറയുവാനുണ്ടു്. ഇതാണു് ഈ മേജർ പ്രോജക്റ്റ്സിനെ സംബന്ധിച്ചിടത്തോളം നാമമാത്രമായിട്ടു രണ്ടു് ലക്ഷം മൂന്നു ലക്ഷം രൂപ മാത്രം അലോട്ടുചെയ്യുന്നതിനുള്ള കാരണം. ആദ്യമേ കുറച്ചു കൂടുതലായിട്ടു പണം അലോട്ടുചെയ്യു. എന്നാൽ സെൻട്രൽ വാട്ടർ പൗവ്വർ കമ്മിഷനിൽനിന്നും രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ആരംഭിച്ച പണി പൂർത്തിയാകാറായ പല പദ്ധതികൾക്കും നാമമാത്രമായി പണം അലോട്ടുചെയ്യുതെന്നുള്ള ഒരു നിർദ്ദേശം ഈ ഗവണ്മെൻറിനു കിട്ടി. മറ്റു പദ്ധതികളും തീർന്നതിനുശേഷം അല്ലാതെ പുതിയതായി പദ്ധതികളും ആരംഭിക്കാതിരിക്കുന്നതിനും അവർ നിർദ്ദേശിച്ചു. ചില ക്ലാരിഫിക്കേഷൻസ് അവർ ആവശ്യപ്പെട്ടിരുന്നതു കൊടുക്കാത്ത കാരണംകൊണ്ടാണു് പദ്ധതികളും ആരംഭിക്കാനുള്ള അനുവാദം കൊടുക്കാത്തതെന്നു പറഞ്ഞു. ക്ലാരിഫിക്കേഷനെ സംബന്ധിച്ചിടത്തോളം ഇപ്പോഴത്തെ നില ഇപ്രകാരമാണു്. കുറ്റ്യാടി, കാഞ്ഞിരപ്പുഴ, പഴശ്ശി ഈ പദ്ധതികളെ സംബന്ധിച്ചിടത്തോളമുള്ള എല്ലാ ക്ലാരിഫിക്കേഷനും കൊടുത്തു കഴിഞ്ഞിട്ടുണ്ടു്. നമ്മുടെ മേജർ പദ്ധതികളെ സംബന്ധിച്ചുള്ള ക്ലാരിഫിക്കേഷൻസ് എല്ലാം ഇവിടത്തെ ചീഫ് എൻജിനീയർ കൊടുത്തുകഴിഞ്ഞു. സെൻട്രൽ വാട്ടർ പവ്വർ കമ്മീഷൻ വീണ്ടും ആവശ്യപ്പെട്ട, അവർ കൂടുതലായി ആവശ്യപ്പെട്ട എല്ലാ വിവരങ്ങളും ശേഖരിക്കുകയാണു്. മേൽ പറഞ്ഞ മൂന്നു പദ്ധതികളെ സംബന്ധിച്ചിടത്തോളം കൊടുത്തുകഴിഞ്ഞു. ബാക്കിയുള്ളതിനു അവർ ആവശ്യപ്പെട്ട ചില വിവരങ്ങളും കൊടുക്കാനുണ്ടു്. പക്ഷേ, ഇന്നു് രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഏറെറടുത്തുകഴിഞ്ഞിട്ടുള്ള പണി പകുതിയായിട്ടുള്ളതിനപോലും അംഗീകാരം കിട്ടാത്തതായുണ്ടെന്നുള്ള സംഗതിയും ബഹുമാനപ്പെട്ട മെമ്പറന്മാർ ധരിക്കണം. ഇവിടെനിന്നും ഈ ഗവണ്മെൻറിന്റെ ചീഫ് എൻജിനീയർ എഴുതി അയയ്ക്കുന്നതായ വിവരങ്ങളും പറയുന്ന കാര്യങ്ങളും മനസ്സിലാക്കിയിട്ടുള്ള ആളുകളും അന്നു ഇരുന്നവർതന്നെ ആയിരിക്കണം, ഇന്നും അവിടെ ഇരിക്കുന്നതു എന്നു നിർബന്ധമൊന്നുമില്ല. അവർ മാറിപ്പോയി. എന്നു വരാം. നമ്മുടേതുപോലെയുള്ള സംസ്ഥാനങ്ങളിൽ ഇരുന്നു പരിചയം സിദ്ധിച്ചിട്ടുള്ള ആളുകളാണു് അവിടെ ഈ സെൻട്രൽ വാട്ടർ പൗവ്വർ കമ്മിഷനിൽ അംഗങ്ങളായിരിക്കുന്നതു്. അവിടെയുള്ള എല്ലാ വിദഗ്ദ്ധന്മാരുംകൂടിയാലോചിച്ചൊന്നുമല്ല ക്ലാരിഫിക്കേഷൻ ചോദിക്കുന്നതു്. ചോദിച്ച എല്ലാ വസ്തുതകളും ശേഖരിച്ചുകഴിഞ്ഞു.

ശ്രീ. ഈ. പി. ഗോപാലൻ: കാഞ്ഞിരപ്പുഴ പദ്ധതിയുടെ ക്ലിയറൻസ് കിട്ടിക്കഴിഞ്ഞോ ?

ശ്രീ. ഈ. പി. പൗലോസ്: കാഞ്ഞിരപ്പുഴ പദ്ധതിക്കു് അനുവാദം

12 Noon] കിട്ടിക്കഴിഞ്ഞു. ക്ലിയറൻസ് പ്രശ്നമല്ല പ്രധാനമായിട്ടുള്ളതു്. ക്ലിയറൻസ് കിട്ടിക്കഴിഞ്ഞാലും ഇല്ലെങ്കിലും നമുക്കു സ്വന്തമായി കുറേ പണം ഈ ആവശ്യത്തിനു ചെലവാക്കുവാൻ സാധിക്കുകയില്ല.

ശ്രീ. ടി. സി. നാരായണൻനമ്പ്യാർ: സെൻട്രൽ വാട്ടർ പൗവ്വർ കമ്മിഷൻ ചില പദ്ധതികൾക്കു സാംഗ്ഷൻ നൽകിയിട്ടുണ്ടു്. പഴശ്ശി പദ്ധതിയെ സംബന്ധിച്ചിടത്തോളം ആവശ്യമുള്ള വിവരങ്ങളും നൽകിയില്ലെന്നു കാണിച്ചു് രണ്ടു പ്രാവശ്യം അവിടെനിന്നു എഴുതി അയച്ചതായി അറിയാം. അതിപ്രധാനമായ ചില പദ്ധതികളും ഈ ഗവണ്മെൻറു ഏറെറടുത്തിട്ടും പണി പൂർത്തിയാക്കിയിട്ടില്ല, നിറുത്തിവച്ചിരിക്കുകയാണെന്നറിയാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഈ. പി. പൗലോസു്: അതിനുവേണ്ടി രണ്ടുമൂന്നു ലക്ഷം രൂപയാണു് ചെലവുചെയ്തിട്ടുള്ളതു്. അവിടെ ഒരു സ്പെഷ്യൽ ഡിവിഷനും, അതിനുവേണ്ട സ്റ്റാഫും ഉണ്ടായിരുന്നു. സാമ്പത്തികമായ കുഴപ്പം നിമിത്തം സ്പെഷ്യൽ സ്റ്റാഫിനെ പിൻവലിച്ചിട്ടുണ്ടു്. കൂടുതൽ സ്റ്റാഫിനെ വെറുതെ ശമ്പളംകൊടുത്തു അവിടെ വയ്ക്കേണ്ടതില്ലെന്നു കരുതിയിട്ടാണു പിൻവലിച്ചതു്. മുപ്പതു ലക്ഷം രൂപാ വേണ്ടിവരും ആ പദ്ധതി പൂർത്തിയാക്കാൻ. കൂടുതൽ പണം ചെലവുചെയ്തു ഇനി അതു തുടർന്നുനടത്താൻ തൽക്കാലം സാധിക്കാത്തതു നിമിത്തമാണു് സ്റ്റാഫിനെ പിൻവലിച്ചതു്.

മൈനർ ഇറിഗേഷൻ പദ്ധതികളിൽ അധികവും ഡി. ഡി. സി. കളുടെ ശുപാർശ പ്രകാരം പണി നടത്തുകയാണു്. അവരുടെ ശുപാർശയ്ക്കു വിപരീതമായി ഗവണ്മെൻറു ഒന്നും ചെയ്യുന്നില്ല. ഡി. ഡി. സി. യുടെ മുൻഗണനാലിസ്റ്റനുസരിച്ചാണു് പണികൾ നടത്തുന്നതു്.

ശ്രീമതി കെ. ആർ. ഗൗരി: തൃശ്ശൂർ ഡിസ്ട്രിക്ടിൽ കളക്ടർ ആക്ടുചുലായി വെള്ളം കൊടുക്കാൻ സാധിക്കുന്നവനിൽനിന്നാണോ നികുതി ഈടാക്കുന്നതു് ?

ശ്രീ. ഈ. പി. പൗലോസു്: അതിനെ സംബന്ധിച്ചിടത്തോളം തഹശീൽദാർ, 700 കേസുകൾ അന്വേഷിച്ചു കഴിഞ്ഞു. ഏകദേശം ഇരുന്നൂറു കേസുകളെ സംബന്ധിച്ചിടത്തോളം തീരുമാനം ചെയ്തുകൊടുത്തിട്ടുണ്ടു്. ബാക്കിയുള്ള കേസുകൾ അന്വേഷണത്തിൽ ഇരിക്കുകയാണു്. ഏകദേശം പതിനായിരത്തിലധികം ആക്ഷേപങ്ങൾ കിട്ടിയിട്ടുണ്ടു്. അതിൽ എഴുന്നൂറെണ്ണം അന്വേഷിച്ചുകൊണ്ടിരിക്കുന്നു.

The question that a supplementary sum not exceeding Rs. 31,25,100 be granted under Demand XXXII—Irrigation, was put and carried.

The grant was made.

The question that a supplementary sum not exceeding Rs. 28,39,400 be granted under Demand XLVI—Capital Outlay on Irrigation, was put and carried.

The grant was made.

DEMAND XXXVI—FAMINE

Mr. Speaker: Chief Minister can move Demand XXXVI—Famine.

Chief Minister (**Shri R. Sanker**): I move that Government be granted a sum of Rs. 1,00,000 under Demand XXXVI—Famine

Shri George Joseph Podippara: I second it.

ശ്രീ. എസ്. കുമാരൻ: സർ, ഈ ഡിമാൻറിനെ ഞാൻ എതിർക്കുന്നു. ഇതിൽ ഒരു ലക്ഷം രൂപയുടെ തുകയാണു് കൊള്ളിച്ചിരിക്കുന്നതു്. ഈ തുക നമ്മുടെ സ്ഥാനത്തെസംബന്ധിച്ചിടത്തോളം വളരെ തുച്ഛമാണെന്നുള്ളതിനു സംശയമില്ല. ഈ അവസരത്തിൽ എനിക്കു ചൂണ്ടിക്കാണിക്കാനുള്ളതു്, അമ്പലപ്പുഴ, ചേർത്തല താലൂക്കുകളിലെ ക്ഷാമവും ദുരിതവും ഈ രാജ്യത്തിൻറെ സജീവ ശ്രദ്ധയിൽപെട്ടിട്ടുള്ള ഒരു സംഭവമാണെന്നാണു്. കഴിഞ്ഞ ബഡ്ജറ്റു സമ്മേളനത്തിലും, അതുപോലെ പിന്നീടു പല സമ്മേളനങ്ങളിലും, അമ്പലപ്പുഴ ചേർത്തല താലൂക്കുകളിൽ ബാധിച്ചിട്ടുള്ള തൊഴിലില്ലായ്മയെപ്പറ്റിയും, ദുരിതങ്ങളെപ്പറ്റിയും ശബ്ദം ഉയർന്നിട്ടുള്ളതാണു്. ഈ പ്രശ്നത്തിൻറെ ഗൗരവം മനസ്സിലാക്കി, ബഹുമാനപ്പെട്ട മിനിസ്റ്റർ ഒരു ഹൈ ലവൽ കാൺഫറൻസു് വിളിച്ചുകൂട്ടുകയുണ്ടായി. ആ കാൺഫറൻസിൽവച്ചു് ഡിപ്പാർട്ടുമെൻറു മേധാവികളും, മറ്റു ബന്ധപ്പെട്ടവരും ഈ പ്രശ്നത്തിൻറെ

LIBRARY ARCHIVES Kerala Legislative Assembly